പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി II
# (ഭൂനികുതിയും ദേവസ്വവും)

## 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരമുള്ളത്]

2019 ജൂലൈ 2-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി II
# (ഭൂനികുതിയും ദേവസ്വവും)

## 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5)പ്രകാരമുള്ളത്]

733/2019.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്റ്റ് കമ്മിറ്റി II

## ഭൂനികുതിയും ദേവസ്വവും

## (2019-2021)

**ഘടന**

ചെയർമാൻ :

**ശ്രീ. ഇ. ചന്ദ്രശേഖരൻ,**
**റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.**

എക്സ്-ഒഫീഷ്യോ അംഗം :

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ,**
**സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി.**

അംഗങ്ങൾ :

**ശ്രീ. ടി. എ. അഹമ്മദ് കബീർ**

**ശ്രീ. സി. കെ. ഹരീന്ദ്രൻ**

**ശ്രീ. കെ. എൻ. എ. ഖാദർ**

**ശ്രീ. കോവൂർ കുഞ്ഞുമോൻ**

**ശ്രീ. മാത്യു ടി. തോമസ്**

**ശ്രീ. കെ. ഡി. പ്രസേനൻ**

**ശ്രീ. പുരുഷൻ കടലുണ്ടി**

**ശ്രീ. കെ. രാജൻ.**

നിയമസഭാ സെക്രട്ടേറിയറ്റ് :

**ശ്രീ. സി. ജോസ്, സെക്രട്ടറി-ഇൻ-ചാർജ്**

**ശ്രീ. പി. ബി. സുരേഷ്കുമാർ, ജോയിന്റ് സെക്രട്ടറി**

**ശ്രീ. ജി. ഹരീഷ്, ഡെപ്യൂട്ടി സെക്രട്ടറി**

**ശ്രീമതി രജി ഡി.ഒ., അണ്ടർ സെക്രട്ടറി.**

# അവതാരിക

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ 2018-2019 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് 2018 ഫെബ്രുവരി 26-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ റവന്യൂ, ദേവസ്വം എന്നീ വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ 1-7-2019-ൽ ചേർന്ന സമിതി യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തിരുന്നു.

പ്രസ്തുത യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2019 ജൂലൈ 1.

ഇ. ചന്ദ്രശേഖരൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി II.*

# റിപ്പോർട്ട്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ 2018-2019 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

സബ്ജക്ട് കമ്മിറ്റി II-ന്റെ 2018-2019 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് 2018 ഫെബ്രുവരി 21-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിക്കുകയും 2018 ഫെബ്രുവരി 26-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ റവന്യൂ, ദേവസ്വം എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ 1-7-2019-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2018-2019 സാമ്പത്തിക വർഷത്തെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ അദ്ധ്യായം I ആയും മറുപടി ലഭിക്കാനുള്ള ശിപാർശകളെ സംബന്ധിച്ച വിവരം അദ്ധ്യായം II ആയും ചേർത്തിരിക്കുന്നു.

അദ്ധ്യായം I

## 2018-2019 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളും ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും

ശിപാർശ

2029-00-001-97—റവന്യൂ വകുപ്പിന്റെ കമ്പ്യൂട്ടർ വൽക്കരണം

ബഡ്ജറ്റ് വിഹിതം : 1550 ലക്ഷം രൂപ (പ്ലാൻ)

ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി വിവിധ സംയോജിത സേവന വിനിമയ സംവിധാനം ഒരുക്കുന്നതിനും രജിസ്ട്രേഷൻ, റവന്യൂ, സർവ്വേയും ഭൂരേഖയും വകുപ്പുകളുടെ ഭൂരേഖാ സേവന വിനിമയ സംവിധാനം ഏകോപിപ്പിക്കുകയും ഭൂരേഖ കൈകാര്യം ചെയ്യുന്നതിന് ഒരു ഫലപ്രദമായ സംവിധാനം കൊണ്ടുവരേണ്ടതാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിലേയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2346 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സ്വീകരിച്ച നടപടി

2018-19 സാമ്പത്തിക വർഷം കമ്പ്യൂട്ടർവൽക്കരണത്തിനായി 15.5 കോടി രൂപയാണ് ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരുന്നത്. ആയതിനാൽ 9.87 കോടി രൂപ കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട വിവിധ ആവശ്യങ്ങൾക്കായി കഴിഞ്ഞ സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട്. 2018 ആഗസ്റ്റ് മാസം സംസ്ഥാനത്തുണ്ടായ പ്രളയം വിവിധ ജില്ലാ ഭരണകൂടങ്ങൾ മുഖേന നടത്തിവരുന്ന കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ ബാധിച്ചതിനാലാണ് ടി തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാതിരുന്നത്. പ്രസ്തുത സാഹചര്യത്തിൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത പ്രകാരം 2346 ലക്ഷം രൂപ ചെലവഴിക്കാൻ സാധിക്കുകയില്ലായെന്ന് കണ്ടതിനാലാണ് ടി തുകയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിക്കാതിരുന്നത്.

ശിപാർശ

2029-00-103-95—ഭൂരേഖ സേവന ലഭ്യതയും ഉദ്ഗ്രഥനവും

ബഡ്ജറ്റ് വിഹിതം : 5000 ലക്ഷം രൂപ (പ്ലാൻ)

സർവ്വേ-റവന്യൂ രജിസ്ട്രേഷൻ വകുപ്പുകളുടെ ഭൂരേഖ അനുബന്ധ സേവനങ്ങൾ ഒന്നിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾക്കും വില്ലേജ് ഡിജിറ്റൽ സർവ്വേ ഭൂരേഖകളുടെ ഡിജിറ്റൈസേഷൻ ഓൺലൈൻ മോണിറ്ററി സിസ്റ്റം എന്നിവ നടപ്പിലാക്കുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2018-19 വർഷത്തിൽ ലക്ഷ്യമിടുന്ന ഡിജിറ്റൽ സർവ്വേ ജോലികൾ പൂർത്തിയാക്കുന്നതിനായി ഈ ശീർഷകത്തിൽ 5700 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

<u>സ്വീകരിച്ച നടപടി</u>

സർവ്വേയും ഭൂരേഖയും വകുപ്പുമായി ബന്ധപ്പെട്ട് ഇന്റഗ്രേഷൻ ഓഫ് ലാൻഡ് റിക്കാർഡ്സ് സർവ്വീസ് ഡെലിവറി സിസ്റ്റം പ്രോജക്ടിനായി 2018-19 സാമ്പത്തിക വർഷത്തിൽ "2029-00-103-95 plan" ശീർഷകത്തിൽ 50 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. 2018-19 സാമ്പത്തിക വർഷത്തിൽ ഗവൺമെന്റ് ഓഫ് ഇൻഡ്യ അംഗീകരിച്ച ഇടുക്കി, തൃശ്ശൂർ എന്നീ ജില്ലകളിലെ 220 വില്ലേജുകളിൽ ഡിജിറ്റൽ സർവ്വേ നടത്തുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ Empanelled Agency-കളെ തെരഞ്ഞെടുത്ത് ഡിജിറ്റൽ സർവ്വേ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള PMC (Project Management Consultancy) യുടെ നിയമനം ചില സാങ്കേതിക കാരണങ്ങളാൽ 2018-19 വർഷത്തിൽ പൂർത്തീകരിക്കാൻ കഴിഞ്ഞിരുന്നില്ല. ഈ സാഹചര്യത്തിൽ സർവ്വേയും ഭൂരേഖയും വകുപ്പിലെ ജീവനക്കാരെ നിയോഗിച്ചുള്ള സർവ്വേ പ്രവർത്തനങ്ങൾ മാത്രമാണ് നടന്നത്. പ്രസ്തുത സാഹചര്യത്തിൽ പ്രൊവിഷനായി അനുവദിച്ചിട്ടുള്ള തുകയ്ക്ക് പുറമെ അധിക തുക ആവശ്യമായി വന്നിട്ടില്ല.

<u>ശിപാർശ</u>

2250-00-101-99—<u>സംസ്ഥാന ധർമ്മകാര്യം</u>

ബഡ്ജറ്റ് വിഹിതം : 12,000 രൂപ (നോൺ പ്ലാൻ)

തിരുവനന്തപുരം എസ്.എം.വി. സ്കൂളിൽ സ്ഥിതി ചെയ്യുന്ന ക്ഷേത്രത്തിലെ പൂജാരിക്ക് നൽകുന്ന ഓണറേറിയം പ്രതിമാസം ആയിരം രൂപയിൽ നിന്നും രണ്ടായിരം രൂപയായി ഉയർത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ ശീർഷകത്തിൽ അധികമായി 12,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

<u>സ്വീകരിച്ച നടപടി</u>

അധികം തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2250-00-102-99

1951-ലെ—മദ്രാസ് എച്ച്.ആർ. ആന്റ് സി.ഇ. നിയമം നടപ്പാക്കൽ-01-ശമ്പളം

ബഡ്ജറ്റ് വിഹിതം : 1000 രൂപ (നോൺ പ്ലാൻ)

നിർത്തലാക്കപ്പെട്ട എച്ച്.ആർ. ആന്റ് സി.ഇ. വകുപ്പിലെ ജീവനക്കാർ മലബാർ ദേവസ്വം ബോർഡിലാണ് പ്രവർത്തിക്കുന്നത്. വകുപ്പ് ജീവനക്കാർ എന്ന നിലയിൽ ശമ്പളവും മറ്റ് അലവൻസുകളും നൽകുന്നതിന് നിലവിലുണ്ടായിരുന്ന 2250-00-102-99-01-ശമ്പളം എന്ന ശീർഷകത്തിൽ 2018-19 സാമ്പത്തിക വർഷം ആകെ 1,000 രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും മേൽ ശീർഷകത്തിൽ ട്രഷറി വഴി ശമ്പളം നൽകുന്നതിന് 900 ലക്ഷം രൂപ 2250-00-103-87-31 ഗ്രാന്റ്-ഇൻ-എയ്ഡ് ശമ്പളം എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 28,85,00,000 രൂപയിൽ നിന്നും അനുവദിച്ചാൽ എച്ച്.ആർ. ആന്റ് സി.ഇ. വകുപ്പിലെ ജീവനക്കാർ അനുഭവിച്ചുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരമുണ്ടാകുന്നതാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2250-00-103-87-31 ഗ്രാന്റ്-ഇൻ-എയ്ഡ് ശമ്പളം എന്ന ശീർഷകത്തിൽ നിന്നും 899.99 ലക്ഷം രൂപ 2250-00-102-99-01 ശമ്പളം എന്ന ശീർഷകത്തിലേക്ക് മാറ്റി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

2018-19 വർഷം 2250-00-103-87-31 ഗ്രാന്റ്-ഇൻ-എയ്ഡ് ശമ്പളം എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന 28,85,00,000 രൂപയിൽ നിന്നും 5 കോടി രൂപ 2250-00-102-99 എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് എച്ച്.ആർ. ആന്റ് സി.ഇ. വകുപ്പിലെ ജീവനക്കാരുടെ ബുദ്ധിമുട്ടുകൾ പരിഹരിച്ചിട്ടുണ്ട്.

ശിപാർശ

2250-00-102-98—കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

31—സഹായധനം-ശമ്പളം

36—സഹായധനം-ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : (31)-138.98 ലക്ഷം (നോൺ പ്ലാൻ)

: (36)-40.54 ലക്ഷം രൂപ (നോൺ പ്ലാൻ)

ആകെ : 179.52 ലക്ഷം രൂപ (നോൺ പ്ലാൻ)

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വിവിധ തസ്തികകളിൽ പരീക്ഷ നടത്തുമ്പോൾ ആയതിനുള്ള ചെലവിനും കൂടുതൽ ജീവനക്കാരെ നിയമിക്കേണ്ടതിനുള്ള ശമ്പള ചെലവിനുമായി കൂടുതൽ തുക ആവശ്യമായി വരുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1844.79 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

<u>സ്വീകരിച്ച നടപടി</u>

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വിവിധ തസ്തികകളിൽ പരീക്ഷ നടത്തുമ്പോൾ ആയതിനുള്ള ചെലവിനും നിർവ്വഹിക്കുന്നതിന് അഡീഷണൽ ആതറൈസേഷൻ വഴി 15 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2250-00-103-98—<u>കൊച്ചി ദേവസ്വം ബോർഡിനുള്ള സഹായം</u>

ബഡ്ജറ്റ് വിഹിതം : 1000 രൂപ (നോൺ പ്ലാൻ)

കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ഭക്തജനങ്ങൾക്കായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ഹരിത ക്ഷേത്രം പദ്ധതി നടപ്പിലാക്കുന്നതിനും വാദ്യകലാപീഠം, ക്ഷേത്ര സാംസ്കാരിക മ്യൂസിയം, മഴവെള്ള സംഭരണി, മാലിന്യ സംസ്കരണ പ്ലാന്റ് എന്നിവ സ്ഥാപിക്കുന്നതിനായി ഭാരിച്ച ചെലവ് ഉണ്ടെന്നും ക്ഷേത്രങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക കണ്ടെത്തുക പ്രയാസമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3200 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

<u>സ്വീകരിച്ച നടപടി</u>

അധികം തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2250-00-103-91—<u>മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും എക്സിക്യൂട്ടീവ് ഓഫീസർമാർക്കുമുള്ള ക്ഷേമനിധിയിലേയ്ക്ക് സർക്കാർ നൽകുന്ന സംഭാവന</u>

ബഡ്ജറ്റ് വിഹിതം : 1000 രൂപ (നോൺ പ്ലാൻ)

മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും എക്സിക്യൂട്ടീവ് ഓഫീസർമാർക്കുമുള്ള ക്ഷേമനിധി ആനുകൂല്യങ്ങൾ മലബാർ ദേവസ്വം ബോർഡിന്റെ തനത് ഫണ്ടിൽ നിന്നാണ് നൽകി വരുന്നത്. 1-7-2014-ൽ ജീവനക്കാരുടെ പെൻഷനും ഗ്രാറ്റുവിറ്റിയും പരിഷ്കരിക്കുകയുണ്ടായെന്നും എക്സിക്യൂട്ടീവ് ഓഫീസർമാരുടെയും ക്ഷേത്ര ജീവനക്കാരുടെയും പെൻഷൻ സമാനമായിരിക്കുന്ന അനൗചിത്യം പരിഹരിക്കുന്നതിനായി എക്സിക്യൂട്ടീവ് ഓഫീസർമാരുടെ പെൻഷൻ 6000 രൂപയായി വർദ്ധിപ്പിക്കേണ്ടതുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിലേക്കായി ഈ ശീർഷകത്തിൽ 500 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

<u>സ്വീകരിച്ച നടപടി</u>

അധികം തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2250-00-103-87—<u>മലബാർ ദേവസ്വം ബോർഡ്</u>

31—<u>സഹായധനം-ശമ്പളം</u>

36—<u>സഹായധനം-ശമ്പളേതരം</u>

ബഡ്ജറ്റ് വിഹിതം : (31)- 2885 ലക്ഷം (നോൺ പ്ലാൻ)

: (36)- 1045.27 ലക്ഷം രൂപ (നോൺ പ്ലാൻ)

ആകെ : 3930.27 ലക്ഷം രൂപ (നോൺ പ്ലാൻ)

മലബാർ ദേവസ്വം ബോർഡിന് കീഴിൽ വരുന്ന ക്ഷേത്രങ്ങളുടെ ക്ഷേത്രഭൂമി സംരക്ഷണം, കംഫർട്ട് സ്റ്റേഷൻ, ഗസ്റ്റ് ഹൗസ് എന്നിവ ഉൾപ്പെടെയുള്ള പദ്ധതികൾക്ക് അധികം തുക ആവശ്യമായി വരുമെന്നും ജീർണ്ണോദ്ധാരണ ഗ്രാന്റിന് മാത്രം 1000 ലക്ഷം രൂപ ആവശ്യമായി വരുമെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ പദ്ധതികൾക്കെല്ലാം കൂടി ഈ ശീർഷകത്തിൽ അധികമായി 4579.73 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

<u>സ്വീകരിച്ച നടപടി</u>

അധികം തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2250-00-103-86—<u>ആചാര്യ സ്ഥാനികൾക്കും കോലധാരികൾക്കുമുള്ള മാസ അലവൻസ്</u>

ബഡ്ജറ്റ് വിഹിതം : 125 ലക്ഷം രൂപ (നോൺ പ്ലാൻ)

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ആചാര്യ സ്ഥാനികൾക്കും കോലധാരികൾക്കും സർക്കാർ വർഷാവർഷം അനുവദിക്കുന്ന തുക അപര്യാപ്തമായി വരുന്ന സാഹചര്യത്തിൽ ബോർഡിന്റെ തനത് ഫണ്ട് ഉപയോഗിച്ചാണ് ധനസഹായം വിതരണം ചെയ്ത് വരുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ആചാര്യ സ്ഥാനികൾക്കും കോലധാരികൾക്കുമുള്ള ധനസഹായം 1200 രൂപയായി ഉയർത്തുമെന്ന് നിയമസഭയിൽ ബഹു. ധനകാര്യ വകുപ്പ് മന്ത്രി പ്രഖ്യാപിച്ച സാഹചര്യത്തിൽ ഈ ശീർഷകത്തിൽ അധികമായി 600 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

<u>സ്വീകരിച്ച നടപടി</u>

അധികം തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2250-00-103-85—<u>മലബാർ ദേവസ്വം ബോർഡിന് കീഴിൽ ഒരു ക്ഷേത്രകലാ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിന്</u>

ബഡ്ജറ്റ് വിഹിതം : 5 ലക്ഷം രൂപ (നോൺ പ്ലാൻ)

മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിൽ കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ ക്ഷേത്രകലാ അക്കാദമി സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭ്യമായതിനാൽ പ്രസ്തുത അക്കാദമി മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിനും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും ഭൗതിക സാഹചര്യങ്ങൾ ഉൾപ്പെടെയുള്ളവ ലഭ്യമാക്കുന്നതിനും അക്കാദമിയുടെ സകലവിധ പ്രവർത്തനത്തിനും, നടത്തിപ്പിനും തുക അധികമായി അനുവദിക്കേണ്ടതാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 495 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

<u>സ്വീകരിച്ച നടപടി</u>

അധികം തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2250-00-103-80—<u>ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണം</u>

ബഡ്ജറ്റ് വിഹിതം : 100 ലക്ഷം രൂപ (നോൺ പ്ലാൻ)

സംസ്ഥാനം രൂക്ഷമായ വരൾച്ച നേരിടുന്നതിനാൽ വിവിധ പ്രദേശങ്ങളിലെ ജലസമൃദ്ധി ഉറപ്പാക്കാൻ കാവുകളെയും കുളങ്ങളെയും സംരക്ഷിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിലേയ്ക്കായി ഈ ശീർഷകത്തിൽ 1900 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

<u>സ്വീകരിച്ച നടപടി</u>

അധികം തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2215-02-105-95—<u>ഗ്രാമീണ ശുചീകരണ സർവ്വീസുകൾ</u>

(ശബരിമല ശുചീകരണ പദ്ധതിക്കുള്ള ധനസഹായം)

ബഡ്ജറ്റ് വിഹിതം : 121.7 ലക്ഷം രൂപ (നോൺ പ്ലാൻ)

ശബരിമലയിലും എരുമേലിയിലും മറ്റ് പരിസര പ്രദേശങ്ങളിലും ശുചീകരണം നടത്തേണ്ടത് പരമപ്രധാനമായ കാര്യമായതിനാൽ ഇക്കാര്യത്തിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ കൂടുതൽ തുക അനിവാര്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 178.3 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

<u>സ്വീകരിച്ച നടപടി</u>

ശബരിമല ശുചീകരണ പദ്ധതിയ്ക്കുള്ള ധനസഹായമായി ബഡ്ജറ്റ് വിഹിതത്തിന് പുറമെ അഡീഷണൽ ആതറൈസേഷൻ വഴി ലഭിച്ച 1.5 കോടി രൂപ അധികം അനുവദിച്ചു.

<u>അദ്ധ്യായം II</u>

## 2018-2019 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ നടപടി സ്റ്റേറ്റുമെന്റുകൾ ലഭിക്കുവാനുള്ള ഖണ്ഡികകൾ

| വകുപ്പ് | ഖണ്ഡിക |
|---|---|
| റവന്യൂ | 1, 4 -8 , 19-21 |

ഇ. ചന്ദ്രശേഖരൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി II.*

തിരുവനന്തപുരം,
2019 ജൂലൈ 1.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.